## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 459 — 09.02.2016-ൽ മറുപടിയ്ക്ക്**

## ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>i. പുതിയ 11 കെ.വി ലൈനുകൾ നിർമ്മിയ്ക്കുക.<br>ii. പുതിയ എൽ.റ്റി ലൈനുകൾ നിർമ്മിയ്ക്കുക.<br>iii. ട്രാൻസ്ഫോർമർ മീറ്റർ സ്ഥാപിയ്ക്കുക.<br>iv. സബ് സ്റ്റേഷൻ ഫീഡറുകളിൽ മീറ്റർ സ്ഥാപിയ്ക്കുക.<br>v. കേടായ ഗാർഹിക, കാർഷിക മീറ്ററുകൾ മാറ്റുക<br>vi. ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റുക<br>vii. ബി.പി.എൽ വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി) ഉണ്ട്. കാസർകോട് ജില്ലയിൽ 932.84 ലക്ഷം രൂപയുള്ള പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.